സ.ഉ.(സാധാ) നം.326/2022/LBR

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - സെസ് അദാലത്ത് 31/05/2022 വരെ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.326/2022/LBR തീയതി,തിരുവനന്തപുരം, 17-03-2022

പരാമർശം:-

1 27.10.2021-ലെ സ.ഉ (സാധാ) 1253/2021/തൊഴിൽ നമ്പർ ഉത്തരവ്.

2 08.12.2021-ലെ സ.ഉ (സാധാ) 1424/2021/തൊഴിൽ നമ്പർ ഉത്തരവ്.

3 07/03/2022-ലെ ലേബർ കമ്മീഷണറുടെ EN(4)/16951/2021 നമ്പർ കത്ത്.

**ഉത്തരവ്**

1996-ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് നിയമ പ്രകാരം സെസ്സ് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കുന്നതിലേയ്ക്കായി 2021 നവംബർ മുതൽ അദാലത്ത് നടത്തുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം അദാലത്ത് കാലയളവ് 2022 മാർച്ച് 31 വരെയാക്കി നിജപ്പെടുത്തിയിരുന്നു. എന്നാൽ സെസ് തുക പിരിച്ചെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്നതിനാൽ അദാലത്ത് 31/05/2022 വരെ ദീർഘിപ്പിക്കണമെന്ന് ലേബർ കമ്മിഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലേബർ കമ്മീഷണറുടെ ശുപാർശ പ്രകാരം സെസ്സ് അദാലത്ത് കാലയളവ് 31/05/2022 വരെ ദീർഘിപ്പിച്ച് അദാലത്ത് നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ. ചന്ദ്ര
ജോയിന്റ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Ajithakumari R
Date: 17-03-2022 14:49:15
സെക്ഷൻ ഓഫീസർ